ദ ൩൦.

# മാൎത്താണ്ഡദേവോദയം.

ഗ്രന്ഥകൎത്താ,

പന്തളത്തു കേരളവൎമ്മ തമ്പുരാൻ.

No 66 P.K. Paraman

# മാൎത്താണ്ഡദേവോദയം.

13369

ഗ്രന്ഥകൎത്താ,

പന്തളത്തു കേരളവൎമ്മ തമ്പുരാൻ.

എസ്സ്. ആർ. ബുക്ക് ഡിപ്പോ.

'അനന്തരാമവൎമ്മ' പ്രസ്സ്,

കോട്ടയ്ക്കകം, തിരുവനന്തപുരം.

൩-ാം പതിപ്പ്-കാപ്പി—൨൦൦൦.

൧൦൯൭.

ഗ്രന്ഥകൎത്താവിന്റേയോ പ്രകാശകന്റേയോ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

B 369.

# പന്തളത്തു് കേരളവൎമ്മതമ്പുരാൻ
## തിരുമനസ്സിലെ
# ജീവചരിത്രസംക്ഷേപം.

കേരളഭാഷാവനിതയുടെ നെടുമംഗല്യസൂത്രമായി പ്രശോഭിച്ചിരുന്ന പന്തളത്തു കേരളവൎമ്മതമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം, തിരുമനസ്സിലെ കേട്ടുപരിചയമെങ്കിലും ഉള്ള ഏതൊരാൾക്കും അറിയുവാനാഗ്രഹമുണ്ടാവുന്നതാണു്. അതു സവിസ്തരം സഹൃദയഹൃദയാകൎഷകമാകുംവണ്ണം എഴുതി ഫലിപ്പിക്കുവാൻ തക്കവൈദഗ്ദ്ധ്യം ഈ എഴുതുന്ന ആൾക്കു് ഇല്ലാത്തതുകൊണ്ടും, ഈ ചെറുപുസ്തകം അതിന്നു വിഷയമല്ലാത്തതുകൊണ്ടും, ജീവച്ചരിത്രത്തിൻെറ സംക്ഷേപം മാത്രമാണു് ഇതിൽ ചേൎക്കുന്നതു്. അതുതന്നെ ഭംഗിയായി എഴുതത്തക്ക സൌകൎയ്യം കിട്ടീട്ടുമില്ല. എൻെറ മററുജോലികൾക്കിടയിൽ ഇതുംകൂടെ നിൎവ്വഹിക്കേണ്ടിവന്നതുകൊണ്ടു വേണ്ടതുപോലെയാകുമെന്നുള്ള വിശ്വാസം എനിക്കുതന്നെയില്ല. പേരുവച്ചു ഒരു ഗദ്യലേഖനമെഴുതി പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള ഒരു മോഹമല്ല എന്നെ ഇതിന്നു പ്രേരിപ്പിച്ചിരിക്കുന്നതു്. എന്നോടു അകൈതവവാത്സല്യമുണ്ടായിരുന്ന ആ മഹാനുഭാവനായിരുന്ന തിരുമേനിയെക്കുറിച്ചു് എനിക്കു നിഷ്കളങ്കമായിതിരുമനസ്സിൽ തിങ്ങിക്കൊണ്ടിരിക്കുന്ന ഭക്തി ഒന്നുകൊണ്ടു മാത്രമാണു്, ലേഖനവിഷയത്തിൽ പ്ര

ക്കവും, പഠിപ്പും ധാരാളമുള്ള ഒരാൾചെയ്യേണ്ടതായ ഈ മഹൽകൃത്യത്തെ ചെയ്യാൻ ഞാൻ പ്രേരിതനായതു്. പരേതനായ ആ മഹാകവിതിലകനെ മനസാ ധ്യാനിച്ചു ചെയ്യുന്ന ഈ കൃത്യത്തിൽ, എന്റെ അപാടവം കൊണ്ടു നേരിടുന്ന വീഴ്ചയെ ഭാഷാഭിജ്ഞന്മാർ സദയംക്ഷമിച്ചു അനുഗ്രഹിക്കണമെന്നുള്ള പ്രാൎത്ഥനയോടുകൂടി പ്രകൃതത്തിൽ പ്രവേശിക്കുന്നു.

൧൦൪൪-ാമാണ്ടു് മകരമാസം ൧൦-ാംനു- മലയാളികൾക്കു് ഒരു ശോഭനദിവസമായിരുന്നു. സൂൎയ്യൻ ഉത്തരായനത്തിൽ പ്രവേശിച്ചിട്ടു് പത്തു ദിവസമേ ആയിട്ടുള്ളു. അന്നു ശുഭപ്രദമായ മകയിരം നക്ഷത്രമാണു്. വെളുത്ത പക്ഷമായിരുന്നതിനാൽ, ഭൂലോക കലാനാഥന്റെ ഉദയവാസരമാണെന്നു കാണിക്കുമാറു് കലാനാഥനായ ചന്ദ്രൻ ജനാഹ്ലാദദായകനായി പ്രശോഭിച്ചു തുടങ്ങിയിരുന്നു. പന്തളത്തു് നൈതല്ലുകോയിക്കൽ താമസിക്കുന്ന തമ്പുരാട്ടിമാൎക്കും തമ്പുരാക്കന്മാൎക്കും അത്ഭുതപൂൎവ്വമായ ഒരു സന്തോഷം അന്നേദിവസം ഉണ്ടായിക്കൊണ്ടിരുന്നു. പൂൎണ്ണഗൎഭിണിയായ "തമ്പംഗി" തമ്പുരാട്ടി അന്നുരാത്രിയാണു് സൎവ്വംശാലങ്കാരഭൂതനായും, അനൎഘസൽഗുണങ്ങളോടുകൂടിയവനും, മലയാളികളുടെ ഭക്തി ബഹുമാനങ്ങൾക്കു വിഷയീഭൂതനും, വിദ്യാമാതാവിന്റെ ഒരു നടനരംഗവും ഈ ലേഖനത്തിനു വിഷയവുമായിരുന്ന ആ മഹാപുരുഷനെ പ്രസവിച്ചതു്. ആ ശാഖയിൽ സ്ത്രീസന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ തിരുമനസ്സുകൊണ്ടു ജനിക്കുന്നതുവരെ സ്ത്രീപ്രജയായിരിക്കുമെന്നു വിചാരിച്ചുകൊണ്ടിരുന്നു. പുരുഷനാണെന്നറിഞ്ഞപ്പോൾ എല്ലാവൎക്കും നിരാശയുണ്ടായി

എന്നു്, അനഘങ്കാരശീലനായ ആ തിരുമേനിതന്നെ പ റഞ്ഞുകേട്ടിട്ടുണ്ടു്. തിരുമനസ്സിലെ മാതാവു് വളരെ വി ദുഷിയായിരുന്നു. അച്ഛൻ പുതുപ്പള്ളിയിൽ തൃക്കോതമം ഗലത്തു് പെരിഞ്ഞേരിഇല്ലത്തു് വിഷ്ണുനമ്പൂതിരിപ്പാടവർ കളായിരുന്നു. ഇദ്ദേഹവും നല്ല വിദ്വാനായിരുന്നു. വി ശേഷിച്ചു് നല്ല മാന്ത്രികനുമാണു്. ജ്യോതിശ്ശാസ്ത്രത്തിൽ അസാമാന്യപരിചയം ഉള്ള ഇദ്ദേഹം, പുത്രന്റെ ജനനദിവസം അവിടെതന്നെ ഉണ്ടായിരുന്നു. പുത്രിയാകാത്ത തുകൊണ്ടുണ്ടായിരുന്ന ഇച്ഛാഭംഗം, പുത്രന്റെ ജാതക ഗുണം കൊണ്ടു പരിഹരിച്ചിരുന്നു. മാതാപിതാക്കന്മാരു ടെ വാത്സല്യത്തോടുകൂടിയ വളർത്തൽകൊണ്ടു് തിരുമേനി ഭംഗിയായി ബാലാരിഷ്ടകൂടാതെ വളർന്നുവന്നു.

മൂന്നാമത്തെ വയസ്സിലാണു് വിദ്യാരംഭിച്ചതു്. പ്ര ഥമഗുരു അച്യുതവാര്യർ എന്ന ഒരാളായിരുന്നു. വിദ്യാഭ്യാസം ഏഴുവയസ്സുവരെ അദ്ദേഹത്തിന്റെ അടുക്കൽ ആയിരുന്നു ചെയ്തതു്. ഈ കാലംകൊണ്ടു, നിലത്തെഴുത്തു്, ക ണക്കു്, വാക്യം, അടിവാക്യം, ജ്യാവു്, കാലദീപകം, അ മരം, സിദ്ധരൂപം, ശ്രീരാമോദന്തം കാവ്യം മുതലായ ബാ ലപാഠങ്ങൾ യഥാക്രമം അഭ്യസിച്ചതിനു പുറമെ, അന്നു ഗുരുനാഥൻചൊല്ലിക്കൊടുക്കുന്ന "ഗണാഷ്ടകം" "മുകു ന്ദാഷ്ടകം" മുതലായ സങ്കീർത്തനശ്ലോകങ്ങളും പഠിച്ചു. അതിനുശേഷം വിദ്വാനും തിരുമേനിയുടെ ജ്യേഷ്ഠനുമായ അവിട്ടംനാൾ തമ്പുരാൻ തിരുമനസ്സിലെ അടുക്കലാണു് പഠിക്കുവാൻ തുടങ്ങിയതു്. കൃഷ്ണവിലാസം, ബാലഭാരതം, കുമാരസംഭവം, രഘുവംശം, കിരാതാർജ്ജുനീയം, മാഘം, നൈഷധം ഈ മഹാകാവ്യങ്ങളും. രാമായണം, ഭാരതം,

വിശ്വഗുണാദശം, മുതലായ പല ചമ്പുപ്രബന്ധങ്ങളും,
അലങ്കാരത്തിൽ, കുവലയാനന്ദം, പ്രതാപരുദ്രീയംമുതലാ
യ പല ഗ്രന്ഥങ്ങളും, ശാകുന്തളം, ഉത്തരരാമചരിതം, ജാ
നകീപരിണയം, ആശ്ചൎയ്യചൂഡാമണി മുതലായ പല സം
സ്കൃതനാടകങ്ങളും, ജ്യേഷ്ഠൻ തിരുമേനിയിൽ നിന്നുതന്നെ
വശമാക്കി. വിദ്യാഭ്യാസകാലത്തു തന്നെ സബ്രഹ്മചാരി
കളുമായി സംഭാഷണം ചെയ്യുന്നതു് സംസ്കൃതത്തിൽ വേ
ണമെന്നു ഗുരുനാഥനായ ജ്യേഷ്ഠൻതിരുമേനി നിഷ്കൎഷിച്ചി
രുന്നതുകൊണ്ടു, സംസ്കൃതത്തിൽ സംസാരിച്ചു പഠിക്കുകയും,
ബാല്യത്തിൽതന്നെ ചെയ്തിരുന്നു. പന്തളത്തു തമ്പുരാക്ക
ന്മാർ സമാവൎത്തനത്തിനുശേഷം ഒരു കൊല്ലം അവരുടെ
കുലദൈവമായ "ശെറുസ്ശ്രമലെ" ശാസ്താവിനെ ഭജിക്കുക
പതിവുണ്ടു്. ക്രമപ്രകാരം നമ്മുടെ തിരുമേനിയും സമാ
വൎത്തനാനന്തരം ഭക്തിയോടുകൂടി അബ്ദഭജനം നടത്തിയി
രുന്നു. ഈ ഭജനകാലത്തും പഠിപ്പിലും അവിടുന്നു ശ്രദ്ധ
വയ്ക്കാതിരുന്നില്ല. തിരുമേനിയെ തൎക്കം പഠിപ്പിച്ചതു
ആ ശാസ്ത്രത്തിൽ അപാരപാണ്ഡിത്യം സിദ്ധിച്ചിരുന്ന
വീരകേരളവൎമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു.
തൎക്കസംഗ്രഹം, അന്നഭട്ടീയം, മുക്താവലി, ദിനകരം, സാ
മാന്യനിരുക്തി, വ്യുല്പത്തിവാദം, ഗദാധരീയം മുതലായ ത
ൎക്കശാസ്ത്രഗ്രന്ഥങ്ങൾ മുഴുവനും, അവിടുന്നു പാഠമാക്കിയി
രുന്നു. പഠിച്ചതു എല്ലാം അവിടേക്കു നല്ല ഹൃദിസ്ഥിത
ങ്ങളായിരുന്നു. തിരുമേനി വ്യാകരണം പഠിച്ചതു് അവിടു
ത്തെ നേരെ അമ്മാവനായിരുന്ന അത്തംനാൾ തമ്പുരാൻ
തിരുമനസ്സിലെ അടുക്കലായിരുന്നു. ആ അമ്മാവൻ തിരു
മേനി ചതുശ്ശാസ്ത്രപണ്ഡിതനും, ൬൦ വയസ്സുവരെ നിരന്ത

രമായി സംസ്കൃതഗ്രന്ഥങ്ങളിൽ പരിശീലിച്ചിട്ടുള്ള ആളുമാണ്. നമ്മുടെ തിരുമേനി അമ്മാവനിൽ നിന്നും, സിദ്ധാന്തകൌമുദി, മനോരമ മുതലായ വ്യാകരണഗ്രന്ഥങ്ങൾ ക്രമപ്രകാരം ഉരുക്കഴിച്ചു അഭ്യസിച്ചു. ഉദ്ദേശം ൨൧ വയസ്സായപ്പോൾ തിരുമേനിക്കു വിദ്യാഭ്യാസം നിൎത്തിവയ്ക്കേണ്ടതായിവന്നു. ജ്യേഷ്ഠന്റെ അകാലനിൎയ്യാണം കൊണ്ടു കുടുംബഭരണത്തിൽ ഇത്രയും ചെറുപ്പത്തിലെ ഏൎപ്പെടേണ്ടതായിവന്നതുകൊണ്ടാണ് ഗുരൂപദേശപ്രകാരമുള്ള വിദ്യാഭ്യാസം നിൎത്തിവയ്ക്കേണ്ടതായിവന്നത്. തിരുമനസ്സിലേക്ക് നേരെ ഒരു ജ്യേഷ്ഠൻ മാത്രമെ ഉണ്ടായിരുന്നുള്ളു. കുടുംബഭരണത്തിൽ ഏൎപ്പെട്ടുവെങ്കിലും സ്വന്തമായിഉപരിശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചും കാവ്യനാടകാലംകാരാദികളും, തൎക്കവും, വ്യാകരണവും, മററും തന്റെ അടുക്കൽ വരുന്ന വിദ്യാൎത്ഥികളെ സോത്സാഹം നിഷ്കാമ്യയായി പഠിപ്പിച്ചും കാലയാപനം ചെയ്തുകൊണ്ടിരുന്നു. ബാല്യത്തിൽതന്നെ ബീജപ്രായമായികിടന്നിരുന്ന കവിതാവാസന, പത്തിരുപതുവയസ്സായപ്പോഴെക്കും മുളച്ചുവളൎന്നു ശാഖോപശാഖകളായിഫലിച്ചുതുടങ്ങി. അന്നുപ്രചാരത്തിലിരുന്ന എല്ലാ പത്രങ്ങളിലേക്കും അവിടുന്നു ശ്ലോകങ്ങൾ എഴുതിഅയച്ചു കൊടുക്കുക പതിവായിരുന്നു. അപൂൎവ്വം ചില നല്ല ഗദ്യലേഖനങ്ങളുംഎഴുതീട്ടുണ്ട്. പദ്യനിൎമ്മാണത്തിലായിരുന്നു അവിടേയ്ക്കു് അധികം ഉത്സാഹമെന്നു ൧൦൭൦-ാമാണ്ടു മുതൽ സ്വന്തമായി ആരംഭിച്ച "കവനകൌമുദി" പ്രതിപക്ഷപത്രികകൊണ്ടു വെളിപ്പെട്ടിട്ടുണ്ട്. തിരുമേനിയുടെ ഈ പുതിയ പ്രസ്ഥാനം അനേകം ആളുകളേയും കവിത എഴുതുവാൻ ഉത്സാഹിപ്പിച്ചിരുന്നു. ൧൦൮൦-ാമാണ്ടു കുംഭമാസം

മുതൽ കവനകൌമുദിപ്പത്രികയെ മാസികാരൂപേണ പ്ര
സിദ്ധപ്പെടുത്തുവാൻതുടങ്ങി. അതു് ഇന്നും നടന്നുവരുന്ന
ഒരു ഉത്തമപദ്യമാസികാഗ്രന്ഥമാണു്. തിരുമേനി സ്വ
ന്തമായും, കവനകൌമുദി വഴിയായും, അനേകം നല്ല
കവിതാരത്നഭൂഷകൾ മലയാളഭാഷാവധൂടിക്കു് അലങ്കാര
ങ്ങളാക്കിത്തീൎത്തിട്ടുണ്ടു്. അനേകം ഖണ്ഡകാവ്യങ്ങളും
"രുഗ്മാംഗദചരിതം" മഹാകാവ്യവും, 'വേണീസംഹാരം'
നാടകവും, മററു പലതും അവിടുത്തെ കൃതികളായിട്ടു
ണ്ടെന്നു് മലയാളഭാഷാഭിജ്ഞന്മാൎക്കു മിക്കവൎക്കും അറി
യാവുന്നതാണു്. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ,
എ. ആർ. രാജരാജവൎമ്മതമ്പുരാൻ മുതലായ ലോക
ശ്ലാഘ്യന്മാരാൽ സസ്നേഹം ശ്ലാഘിക്കപ്പെട്ടിരുന്നതു ത
ന്നെ തിരുമേനിയുടെ വൈദുഷ്യത്തിനും, കവിതാ നി
ൎമ്മാണ പാടവത്തിന്നും ഉത്തമ ലക്ഷ്യമാണു്. ന്യഫ-ാമാ
ണ്ടിലാണു് അവിടുന്നു ഗൃഹസ്ഥാശ്രമം സ്വീകരിച്ചതു്.
ഇദ്ദേഹത്തിന്റെ പ്രിയപത്നിയായ ഒടുവിൽ അമ്മുക്കുട്ടി
അമ്മക്കു് തിരുമനസ്സിലെ ഗുണങ്ങൾ തന്നേമൂൎത്തീകരിച്ച
തോ എന്നുതോന്നുമാറു്, ഏഴ ഓമനസന്താനങ്ങൾ ഉണ്ടാ
യിട്ടുണ്ടു്. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, എ.
ആർ. രാജരാജവൎമ്മതമ്പുരാൻ മുതലായ ചില ഉത്തമ സു
ഹൃത്തുക്കളുടെ ആവശ്യപ്രകാരം ഗവൎമ്മെണ്ടു സൎവ്വീസിൽ
പ്രവേശിച്ചു് ഹൈസ്കൂൾ മുൻഷിയായി അവിടുന്നു കുറ
ച്ചുകാലം തിരുവനന്തപുരത്തു് താമസിക്കുകയുണ്ടായി. ത
ന്റെ പഠിപ്പിനൊ കുടുംബസ്ഥിതിക്കൊ ഈ ഉദ്യോഗം
യോജിച്ചതായിരുന്നില്ലെങ്കിലും, അവിടുത്തെ ഉദ്യോഗജീ
വിതം, സ്വശിഷ്യന്മാൎക്കു് എന്നും സ്മരിക്കത്തക്കനിലയിൽ

അകൃത്രിമമായിട്ടാണ് കഴിച്ചുക്കൂട്ടിയിട്ടുള്ളതു്. ഇത്രത്തോളം ദൃഢപാണ്ഡിത്യവും, കവനനിർമ്മാണ കൗശലതയും, ആരിലും സമമായനിഷ്കപടപ്രകൃതിയും, ഉള്ള മററൊരാളെ ലോകാനുഗ്രഹത്തിനായി ആവിർഭവിപ്പിക്കാതെ നമ്മുടെ തിരുമേനിയെ തിരോധാനം ചെയ്യിപ്പിച്ച ദുർവിധിയെ മലയാളികൾ ആകമാനം ശപിക്കുകതന്നെ ചെയ്യുന്നു. ൧൦൪൨-ാമാണ്ടു് മകരമാസം ൧൦-ാംനു- മലയാളഭാഷക്കു് എങ്ങിനെയുള്ള ശുഭഭാവിയെയാണൊ ഉണ്ടാക്കിത്തന്നതു്, അങ്ങിനെയുള്ള ഒരു അശുഭഭാവിയെയാണു് ൻ൪ ഇടവം ൨൫-ാംനു- ദുർദൈവം നമുക്കു് ഉണ്ടാക്കീട്ടുള്ളതു്. ഈ ദിവസം തിരുവനന്തപുരത്തു് കൈതമുക്കിലുള്ള സ്വന്തം വസതിയിൽവച്ചാണു് തിരുമേനി നാടുനീങ്ങിയതു്. നാടുനീങ്ങുന്ന സമയം അവിടേക്കു് ൪൦ വയസ്സുമാത്രമേ ആയിരുന്നുള്ളു.

"നിസർഗ്ഗവിസരസ്സർഗ്ഗസ്സവ്വ്യഗ്രാഹതവേധസഃ
കൃതായുഃശക്രതുല്യതാം നചക്രേകല്പസാക്ഷിണം"

എന്നുള്ളതു് ഇതിനുദാഹരണമാകുന്നു. അവിടുന്നു മുദ്രാരാക്ഷസം നാടകം നാലാമങ്കംവരെ തർജ്ജമചെയ്തിട്ടുണ്ടു്. ദീനശയ്യയിൽ കിടക്കുമ്പോഴും മുദ്രാരാക്ഷസതർജ്ജമയെപ്പററിയായിരുന്നു സംസാരിച്ചിരുന്നതു്. അതു മുഴുവനാക്കിക്കിട്ടുവാൻ നമുക്കുയോഗമുണ്ടായില്ലെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. യശശ്ശരീരനായ ആ തിരുമേനിയുടെ സൽക്കീർത്തി ആചന്ദ്രതാരം നിലനിൽക്കുമാറാകട്ടെ.

തിരുവനന്തപുരം.
13—10—97.

കിഴവീട്ടിൽ കേശവൻനായർ.

# മാർത്താണ്ഡദേവോദയം.

---

പാർത്തട്ടിലെങ്ങും കരശക്തിമേന്മേൽ
ചേർത്തക്ഷതാഭൻ ജഡബാധനീക്കി
മൂർത്തപ്രതാപത്തൊടു മാനമാളും
മാർത്താണ്ഡദേവൻ വിജയിച്ചിടട്ടേ. ൧

സ്വൈരം കുഠാരായുധനാം മുനീന്ദ്ര-
വീരൻ വിനിർമ്മിച്ചൊരു കേരളത്തിൽ
ചാരുപ്രകർഷത്തിനു മൂലമായ് ശ്രീ-
ചേരുന്ന വേണാടു വിളങ്ങിടുന്നു. ൨

തുംഗങ്ങളാം കുന്നുകൾ താഴ്വയേററം
തങ്ങുന്ന വൻകായൽ സരിൽഗണങ്ങൾ
ഭംഗിക്കെഴും ക്ഷോണിയിതുച്ചനീച-
സംഗം ശരിക്കൊപ്പമിയന്നിടുന്നു. ൩

താർമങ്കയാം തൻ തനയയ്ക്കു കേളി-
ക്കീമഞ്ജുളക്ഷോണി മനോജ്ഞയെന്നായ്
പ്രേമത്തൊടും നീളെ നടന്നുനോക്കു-
മാമട്ടിലംഭോധി ചുഴന്നിടുന്നു. ൪

ഭ്രകല്പസാലം, പരമിദ്ധരിത്രി
ക്കാകല്പമാം നിസ്തുലകേരജാലം
പാകത്തിലപ്പൂഗമനോജ്ഞരംഭാ-
മാകന്ദവൃന്ദാദിയുമുല്ലസിപ്പൂ. ൫

ചൊല്ലാൎന്ന ഭൂമാങ്കിനിയാൾക്കുവെച്ച
വില്ലീസിനാൽ തീൎത്തൊരു റൌക്കിപോലെ
എല്ലായ്പൊഴും വ്രീഹിലതാവിതാന-
മുല്ലാസമോടത്ര ലസിച്ചിടുന്നു. ൬

ക്ഷേമത്തൊടബ്ഭുവിലനന്തശേഷ-
നാമത്തിലത്യുത്തമരാജധാനി
ആമഞ്ജുശോഭം വിലസുന്നു നാക-
ധാമസ്ഥലത്തിൻ പ്രതിലേഖപോലെ. ൭

ആപത്തുദിക്കാതെ ഭുവം ഭരിക്കും
ഭൂപാലരുണ്ടിങ്ങരികത്തിലേവം
ശ്രീപത്മനാഭൻ സ്വയമോൎത്തു നിത്യം
സ്വാപത്തൊടും തത്ര മുദാ ശയിപ്പൂ. ൮

തുംഗങ്ങളാം തൽപുരഗോപുരത്തിൻ
ശൃംഗങ്ങൾ നാകത്തൊടെതിൎപ്പതിന്നോ
ഭംഗിക്കയന്നങ്ങിനെ മേഘമാൎഗ്ഗ-
ഭംഗം ഭവിക്കുംപടി നിന്നിടുന്നു. ൯

ഭൂവാസവാഗാരമണഞ്ഞു വിഷ്ണു-
സേവാൎത്ഥിയാം സ്വൎഗ്ഗസരിത്തുപോലെ
ഭാവാനുകൂലം വിലസുന്നു ദിവ്യ
ശ്രീവാരിതിങ്ങുന്നൊരു പത്മതീൎത്ഥം. ൧൦

ശ്രീകൊണ്ടൽവൎണ്ണൻ സുഖമാൎന്നിടുന്ന
വൈകുണ്ഠമാം ക്ഷേത്രമതിന്നടുക്കൽ

ശ്രീകണ്ഠശൈലം സ്വയമാൎന്നപോലെ-
സ്തോകം വിളങ്ങുന്നു നൃപാലസൌധം. ൧൧

നിസ്തുല്യമായ് മന്നിലമൎന്നസൎവ്വ
വസ്തുക്കളും ചേൎന്നൊരു ശാലയായി
തത്തുല്യനാമം പെടുമാപണം ശ്രീ
മെത്തും പടിക്കത്രെ ലസിപ്പൂപണ്ടേ. ൧൨

ഉള്ളിൽ പ്രമോദത്തൊടു പത്മനാഭൻ
പള്ളികുറിപ്പാൎന്നിടുമസ്ഥലത്തിൽ
തുള്ളിക്കളിക്കുന്നിതു പത്മയാമ-
പ്പുള്ളിക്കുരംഗാക്ഷിയലക്ഷ്യമായി. ൧൩

ആക്ഷേത്രകാൎയ്യം ശരിയായ് നടത്താൻ
ദക്ഷത്വമോടെട്ടര യോഗമെന്നായ്
അക്ഷയ്യമുത്താൎന്നിടുമേകസംഘം
ഭുക്ഷിൽപ്പുരേ മുന്നമിയന്നിരുന്നു. ൧൪

ധൃഷ്ടാഗ്ര്യരാകുന്നൊരു യോഗനാഥ-
രിഷ്ടാനുകൂലം സ്വവശത്തിലായി
പുഷ്ടാദരം കാൎയ്യഭരം നടത്താ-
നഷ്ടാലയാധീശരെയേൎപ്പെടുത്തി. ൧൫

ഉദ്ദിഷ്ടമൊത്തെട്ടരയോഗനാഥ-
നിൎദ്ദിഷ്ടരാം മുഷ്ക്കെഴുമെട്ടുവീടർ
മൎദ്ദിച്ചു മൎത്ത്യാവലിയെസ്വതന്ത്ര-
രദ്ദിക്കിലൂക്കാൎന്നിതു മേൽക്കുമേലേ. ൧൬

ഭൂപപ്രഭാവം കുറവാകമൂലം
കാപട്യമേറീടിന ധൂൎത്തസംഘം
ആപത്തു വേണാടിനണച്ചു ധൎമ്മ
ലോപത്തൊടക്കാശ്യപി കീഴടക്കി. ൧൭

ദേവസ്വവസ്തുക്കളിൽ നിന്നു തങ്ങൾ-
ക്കാവശ്യമായ് തന്നെ പിരിച്ചുപാട്ടം
വൈവശ്യമേശാതെ നിദാനപൂജാ
നൈവേദ്യമെന്നീവ കനിത്തലാക്കി. ൧൮

മുട്ടിച്ചു പുണ്യക്രിയ വേണ്ടതെല്ലാം
തട്ടിച്ചു സാധുദ്രവിണങ്ങൾ മേന്മേൽ
നട്ടുച്ചനേരത്തുമഹോ തനിച്ചു
പെട്ടുള്ള പാന്ഥൎക്കു കുഴപ്പമേകി. ൧൯

ശിഷ്ടാഗ്രിമൻ ഭൂപതി വാണിരുന്ന
കൊട്ടാരമഗ്നിക്കുപഹാരമാക്കി
ദുഷ്ടാശയന്മാരുടെ കൈക്കരുപ്പാ
സ്രഷ്ടാവുപണ്ടേ വിരമിച്ചതില്ല. ൨൦

മോദിക്കുമാറീശ്വരഭക്തിവായ്ക്കു-
മാദിത്യവൎമ്മാഭിധ ഭൂപനേയും
ആദംഭവാന്മാർ വിഷമേകിയേതും
വാദംഭവിക്കാതെ ഹനിച്ചു കഷ്ടം! ൨൧

എന്നല്ല പിന്നീടുമയമ്മറാണി
തന്നഞ്ചുപൊന്നോമനമക്കളേയും

അന്ന്യായമൊന്നിച്ചൊരുവാപിതന്നി-
ലെന്നാവിനോതാനെളുതല്ലശേഷം. ൧൧

ഇത്യാദിയായ് മൎത്ത്യകുലത്തിനേററ-
മത്യാഹിതം ചെയ്തിട്ടമെട്ട വീടർ
വ്യത്യാസമെന്ന്യെ വിവിധാപചാര-
കൃത്യാദരത്തൊട്ട തിമൎത്തു വാണു. ൧൨

അക്രൂരരാം ദുഷ്ടതമസ്സുകൾക്ക
ദുഷ്കാലമാകുന്ന നിശാത്യയത്തിൽ
ചെയ്തീടുവാനന്തമുദിച്ചസാക്ഷാൽ
മാൎത്താണ്ഡവൎമ്മാ[illegible]ഭൂപഭാസ്വാൻ. ൧൩

ശാസ്ത്രപ്രകാരം പ്രഥവൃണ്ടിടും തൽ
ക്ഷാത്രപ്രകാശപ്രകൃതിപ്രഭാവം
ഗാത്രത്തൊടും വന്നുപിറന്നപോലി-
ജ്ജൈത്രസ്വഭാവൻ നൃപനുല്ലസിച്ചു. ൧൪

ക്ഷോണിക്കലങ്കാരനിലയ്ക്കു ചിന്താ-
മാണിക്യമൎത്ഥിയ്ക്കുവദാന്യരൂപം
വാണിക്കുകേളീകലധൌതസൌധ
മാണിക്കലൊവാൻ വസുധാസുധാംശു. ൧൫

ബാലൻപതിന്നാലുവയസ്സിലിക്ഷ്മാ-
പാലൻധരിച്ചിദ്ധരതന്റെദൈന്ന്യം
ചെലാന്നതൻമാതുലസമ്മതത്തൊ-
ടാലാക്കിലേപ്പെട്ടു ധരാഭരത്തിൽ. ൧൬

ഉത്സാഹവും ബുദ്ധിവിലാസവായ്പും
സത്സാരവേദിത്വവുമൊത്തധീരൻ
കംസാരിരാമപ്പിഗ്രഹേശരെത്താ-
നത്സാരണംചെയ്‌വതിനോർത്തുമുന്നേ. ൨൮

പങ്കങ്ങൾ പോകാതെവിശാലവാപി
തങ്കൽത്തെളിച്ചത്തിനുമാറ്റമില്ല
വങ്കത്തമേറും ചെലർവാഴ്കവേശ്രു
മങ്കസ്ഥമംഗല്യമുദിക്കയില്ല. ൨൯

മുഷ്ക്കാന്നിടും മൂർഖരെനാട്ടിൽനിന്നു
നിഷ്ക്കാസനംചെയ്‌വതിനായ് നൃപാലൻ
രുഷ്ക്കാർയ്യഹന്താവുമതിന്നുമൂലം
ശുഷ്ക്കാഭമായിത്തീൎന്നിതുവൈരിവൃന്ദം. ൩൦

ഭൂരിപ്രതാപൻയുവരാജനന്നു
പോരിൽപരന്മാരൊടുമേകനായി
നേരിട്ടെതിൎക്കുന്നതിനസ്സുദാക്ഷ്യം
വൈരിപ്രഹന്താവുവഹിച്ചിരുന്നു. ൩൧

വീരോത്തമൻ ശാത്രവസംഘമെല്ലാം
വേരോടറുക്കുന്നതിനോർക്കയാലെ
ഓരോവിധത്തിൽ പലവൈരികൾക്കും
വൈരോദയംഭൂപനൊടേറിവന്നു. ൩൨

നാനാവിധത്തിൽകുടിമുത്തദുഷ്ട-
സ്ഥാനാഢ്യരോടേല്പതിനായൃപന്നും

അന്നാളിലൊത്തില്ല ഗൃഹാന്ധകാരം
വാനാളുമക്കന്നുമജയ്യമല്ലോ. ൨൩

സേനാനിയോടൊത്തനൃപാലബാലൻ
സേനാജനത്തെ സ്വവശത്തിലാക്കാൻ
നാനാദിഗന്തങ്ങളിലുംനിഗൂഢം
മാനാകരൻ യാത്രകൾചെയ്തിരുന്നു. ൨൪

ഭാഷാസ്വവേഷാദിമറച്ചുഭ്രമീ-
ഭ്രൂഷായമാണൻ നൃപനേകനായി
ജോഷംപ്രയാണംതുടരുമ്പൊഴുംവൻ-
ദ്വേഷംപെടുംവൈരികൾ പിന്തുടന്നു. ൨൫

ആറവുങ്കൽ തൊട്ടുള്ളപലേസ്ഥലങ്ങ-
ളൊററയ്ക്കുചുററിക്ഷിതിപൻ ചരിക്കേ
മാററിത്തമോരോന്നുളവായതെല്ലാം
മാററിത്തദാകാരത്തിതുകഞ്ജനാഭൻ. ൨൬

ഏവംചരിക്കുംസമയത്തൊരിക്ക-
ലാവഞ്ചിഗോത്രാഭ്യുദയാത്ഥിബാലൻ
ശ്രീവമ്പുക്രൂടീട്ടുമൊരമ്പലത്തിൽ
ഭാവംമറച്ചെത്തിദിനാത്യയത്തിൽ ൨൭

തന്നാമധേയംകലരുന്നഭൃട്ട-
ധന്യാഗ്രിമൻചുററിനടപ്പതേവം
തന്നാൽ നിരീക്ഷിപ്പതശക്യമെന്നോ-
ത്തന്നാളുമാത്താണ്ഡനമസ്തമിച്ചു. ൨൮

കാശാവദാതാമലകീർത്തിബാല.
ഭൃശാസിതാവിൻസ്ഥിതിഭേദമപ്പോൾ
ക്ലേശാവഹംതാനിതിചിന്തയോടും
ഹാശാഖിയിൽചേൻഖഗങ്ങൾക്രൂകി. ൩൯

കാപട്യമററങ്ങിനെമേലിൽവായ്ക്കും
ഭൂപപ്രതാപപ്രഭയേവമെന്നായ്
ലോപംഭവിക്കാതെലസിക്കമന്തി-
ദീപങ്ങൾമുന്നേജനതയ്ക്കുകാട്ടി. ൪൦

വേഷംമറച്ചക്ഷിതിഭൃൽകുമാരൻ
ജോഷം പ്രവേശിച്ചിടുമമ്പലത്തിൽ
ദ്വേഷംപെടുംവൈരികളൂടറിഞ്ഞ
ശേഷംതദാതത്രവളഞ്ഞുചുററും. ൪൧

കിട്ടീതരംനോക്കിഹബാലവഞ്ചി
രാട്ടീസ്ഥലംവിട്ടജവത്തിലിപ്പോൾ
ധൃഷ്ടാഗ്ര്യനാകുന്നപരേതരാട്ടിൻ
കൊട്ടാരമാപിച്ചുസുഖിച്ചിടട്ടെ. ൪൨

ഉൾക്കമ്പമേകുംപടിയാത്തടുക്ക
മക്കശ്മലന്മാരുടെമട്ടുനോക്കി
ധിക്കഷ്ടമെന്നാത്തുധരേശനോടായ്
സൽക്കർമ്മിശാന്തിദ്വിജവര്യനോതി. ൪൩

വല്ലാതെദുർവ്വാശിമുഴുത്തുമെന്ത
ന്നില്ലാതെവൈരത്തൊടുമീശ്ശഠന്മാർ

ചൊല്ലാൻഭ്രഭ്രഷണമാംഭവാനെ-
കൊല്ലാനൊരുങ്ങുന്നുകടുപ്പമയ്യോ. ൪൪

ചിന്തോർമ്മിയിൽതാണിഹവാടിടാതെ
വൻതോലിപററുന്നതിൽമുമ്പുതന്നെ
എന്തോവിപത്തുൽക്കടമാപതിച്ചു-
തെൻതോളിലർപ്പിച്ചുതിരിച്ചുകൊൾക. ൪൫

ഈവേഷമേമാററുകതററുടുത്തു
നൈവേദ്യപാത്രംകരതാരിലേന്തി
ഹാ! വേഗമങ്ങുന്നുജപത്തൊടുംക്ഷ്മാ-
ദേവേന്ദ്രമൃത്തെ! ശുഭമസ്തുപോക. ൪൬

ക്രുദ്ധംകൃപാസങ്കടഭക്തിയുക്തി-
യോടുംക്ഷമാദേവനുരച്ചവാക്യം
കേട്ടുണ്ടുകേൾക്കായ്കിലിവണ്ണമുൾപ്പൂ-
വാടുംധരാഭൃന്മണിസമ്മതിച്ചു. ൪൭

ശാന്തിദ്വിജൻ തൻവടിവായ് നിവേദ്യ-
മേന്തിത്തദാ തററു മുടുത്തു താനേ
ശാന്തസ്വരം നാമജപത്തൊടും ഭ്രൂ
കാന്തൻ വെളിക്കാശു കടന്നുപോയാൻ. ൪൮

താനേവമബ്ഭൂപനെ യാത്രയാക്കി
ത്താനേവരിച്ചാൻ മൃതിയദ്വിജേന്ദ്രൻ
സ്ഥാനേസ്വമാം ജീവനെയും മഹാന്മാർ
ദീനേഷ്വിതാർത്ഥിക്കു വെടിഞ്ഞിടുന്നു. ൪൯

പിന്നീടൊരിക്കൽ ക്ഷിതിഭൃൽകുമാരൻ
മുന്നേക്കണക്കൊട്ടു നിഗൂഢമായി
ഛന്നപ്രകാശം വിചരിച്ചിടുമ്പോൾ
വന്നെത്തിയദ്ദുഷ്ടരമിത്രർ വീണ്ടും. ൫൦

ധൈര്യാകരൻ ഭൂമിപനന്തിനേരം
നെയ്യാററിനുള്ളാക്കര തന്നിലെത്തി
കയ്യാലെനീന്തിപ്പുഴ കേറിയപ്പോൾ
തയ്യാറു ശത്രുക്കളുമെത്തിയൊപ്പം. ൫൧

താൻപ്രാണരക്ഷയ്ക്കുടനത്രനിൽക്കും
വൻപ്ലാവുതൻ ഗഹ്വരമൊന്നിലേറി
വമ്പാളുമബ്ഭൂപനൊളിച്ചവാണു
കിംഭാവ്യമല്ലാത്തതു മന്നിടത്തിൽ. ൫൨

ഭൂരിപ്രകോപം പുഴ തൻകരയ്ക്കായ്
വൈരിവ്രജം തത്ര തിരക്കിയിട്ടും
നേരിട്ടുകാണാഞ്ഞു തിരിച്ചു പോയാർ
ശൌരിക്കെഴും കാരുണി ചിത്രമല്ലോ. ൫൩

കാലേ വയസ്സന്നിരുപത്തിമൂന്നു
ചാലേതികഞ്ഞുള്ള ധരാമണാളൻ
മാലേതുമെന്യേ പുതുവഞ്ചിധാത്രീ-
പാലേന്ദ്രപട്ടത്തിൽ വിളങ്ങിവീരൻ. ൫൪

ദുഷ്ടാഗ്ര്യരായീടുമിടപ്രഭുക്ക-
ളഷ്ടാലയാധീശർ തുടങ്ങിയുള്ളോർ

സ്പഷ്ടം ബഹുദ്രോഹികളാകയാലെ
കഷ്ടത്തിലായ്ത്തീൎന്നിതു രാജ്യഭാരം. ൪൫

എന്നാലുമേററം മതിശക്തിമൂലം
സന്നാഹവാൻ ഭൂപതിഭൂരിധൈൎയ്യൻ
അന്നാക്രമിക്കും ഖലസഞ്ചയത്തെ
വെന്നാശു ശാന്തസ്ഥിതി പാരിനേകി. ൪൬

വമ്പിച്ച ഭൂട്ടൽസുതനായ പപ്പു-
ത്തമ്പിക്കു മായാളുടെ സോദരന്നും
പിമ്പിൽ ഖലന്മാർ തുണനിൽക്കമൂലം
ജൃംഭിച്ചു വഞ്ചീശ്വരനോടുവൈരം. ൪൭

പ്രാജ്യപ്രഭാവം കലരുന്നവഞ്ചി
രാജ്യം ഖലൻ തമ്പി കരസ്ഥമാക്കാൻ
ത്യാജ്യങ്ങളാം കൈതവ ഭാഷണങ്ങൾ
ട്ലാല്യൻ ഗവൎണ്ണർ പ്രഭുവോടുണൎത്തി. ൪൮

അച്ഛന്റെ സമ്പാദ്യമഹോ സുതന്മാ-
ൎക്കിച്ഛയ്ക്കു ദേശംപടി കിട്ടുമെന്നായ്
അച്ഛിന്നമാകുന്ന പഴേനടപ്പു
തുച്ഛത്തിലാകാനിടയില്ലയല്ലൊ. ൪൯

മൽതാതനാൎന്നുള്ളൊരു രാജ്യമേൽക്കാ-
നൊത്താളു ഞാനെന്നറിയാമെവൎക്കും
തത്രാവകാശത്തിനു ഭാഗിനേയ-
നോൎത്താശവെക്കുന്നതു നീതിയാമോ. ൫൰

ദുർവൃത്തനാം ഭൂപതിയുഷ്ട്ടദിയ-
മുവ്വീതലം കൂടിയിനിപ്പിടിപ്പാൻ
ഗവ്വത്തൊടും ഹാ തുനിയും ഖലക്കു
സവ്വത്തിലും മോഹമുദിക്കുമല്ലോ. ൱൧

എന്നീവിധം വ്യാജവചസ്സുതമ്പി
സന്നീതിമട്ടിൽബ്ബഹു തട്ടിവിട്ടാൻ
ധന്യാഗ്രിമൻ ഹൂണഗണാധിരാട്ട-
മന്നായവൻ തൻമൊഴി വിശ്വസിച്ചു. ൱൨

ദുഷ്ടാശയന്മാക്കു ചതിപ്രയോഗാ-
ലിഷ്ടാപ്തിപെട്ടെന്നുളവാകുമല്ലൊ
സ്പഷ്ടം തഥാ കൈതവലബ്ധമാമി-
ഷ്ടിഷ്ടാത്ഥമെന്നും നിലനിൽക്കയില്ല. ൱൩

ചേണാൎന്നിടും തന്മധുരേശനാകും
ഹൂണാഗ്രിമൻ സൂരിഗവണ്ണരപ്പോൾ
വേണാടിനുള്ളോരു വിവാദമന്ന-
ക്ഷീണാശയൻ തീപ്പതിനായുറച്ചു. ൱൪

ആര്യാശയൻ സായ്പുവനീതിമാനാം
കായ്യസ്ഥനെത്തത്ര വഴക്കു തീപ്പാൻ
സൈ്വരം നിയോഗിച്ചിതു സൂരികൾക്കു
സാരം ഗ്രഹിപ്പാൻ വഴിയേവമല്ലോ. ൱൫

ഉദ്ദിഷ്ടസാദ്ധ്യത്തിനു ഹൂണനായ-
നിർദ്ദിഷ്ടനാം മന്ത്രി മഹാഗഭീരൻ

അദ്രിക്കിലെത്തിത്തെളിവൊക്കെവാങ്ങാ-
നദൃശ്യനായിട്ടു സദസ്സണഞ്ഞാൻ. ൫൫

സാമർത്ഥ്യമേവം നൃപ-സവനാകം
രാമയ്യനും സമ്പ്രതി തമ്പിമാരും
ശ്രീമൽസ്സദസ്സാന്തു നിജേഷ്ടസിദ്ധി
കാമംലഭിപ്പാൻ വിവദിച്ചു വീണ്ടും. ൫൬

വഞ്ചീശവംശം മരുമക്കളിൽ ചെ-
ന്നഞ്ചുന്നതാം താവഴിയെന്നുതന്നെ
അഞ്ചാതെ രേഖാനികരങ്ങളാലെ
നെഞ്ചിൽ സഭാനാഥനു തീർച്ചയായി. ൫൭

ഭൂപന്റെ നേക്കാന്നൊരു തമ്പിമാർ തൻ
കാപട്യമേവം വിഫലത്തിലായി
ശ്രീപത്മനാഭൻ തുണയായിനില്ക്കെ
സ്വാപത്തിലും രാട്ടിനു തെറ്റദിക്കാ. ൫൮

ശീലം പിഴച്ചുള്ളൊരു ദുഷ്ടർമൂല-
മാലസ്യമീമട്ടുളവാകിലും താൻ
ഭൂലക്ഷ്മിതൻ ലാളന ചെയ്തുലോകർ-
ക്കാലംബമായ് വാണിതു വഞ്ചിരാജൻ. ൫൯

പള്ളിച്ചലാൻതുള്ളൊരു പിള്ളയാമ-
പ്പുള്ളിക്കെഴും വീലൊട്ടിരിക്കൽവീരൻ
തള്ളിച്ചനീക്കന്നതിനായ് നിഗ്രഹ-
മുള്ളിൽ പ്രമോദത്തൊടു ചെന്നണഞ്ഞാൻ. ൬൦

നന്നായ് പുലിക്കുട്ടിയെനൽകിടാം ഞാ-
നെന്നാക്ഖലൻ മുന്നമുരച്ചിരുന്നു
ഇന്നായതെങ്ങെന്നു കഥിച്ചുഭൂപ-
നൊന്നാമതാദുഷ്ടഗളം ഗ്രഹിച്ചാൻ ൧൨

പാരം കുതിച്ചാഞ്ഞു പിടിക്കിലുംവൻ
ഘോരന്റെ കണ്ഠസ്ഥലിവാളിനാലെ
വീരൻ ക്ഷമാഭൃത്തു മുറിച്ചുരണ്ടായ്
വൈരം നരക്കാമരണാന്തമല്ലോ. ൧൩

മൂർഖാഗ്രിമൻതൻ ദ്രവിണങ്ങളെല്ലാം
സർക്കാരിലേക്കായ് മുതൽക്കൂട്ടി വീരൻ
സൽക്കാര്യവേത്താവു നൃപാലനവ്വീ-
ചക്രാവനം ചെയ്തു മുദാവസിച്ചാൻ. ൧൪

ഗോത്രാവനം ചെയ്തു സമുല്ലസിക്കും
മാർത്താണ്ഡവർമ്മക്ഷിതി പാലമുത്തിൽ
ധൂർത്താഗ്ര്യരാം തമ്പിതുടങ്ങിയുള്ളോ-
ർക്കുംത്രാസ ശല്യങ്ങൾ വളർന്നു വന്നു. ൧൫

ദുർവൃത്തരഷ്ടാലയ നാഥർമററും
ഖർവ്വേതരക്രോധികൾ ചേർന്നൊരിക്കൽ
സർവ്വം സഹാജാനിയെ നിഗ്രഹിപ്പാൻ
ഗർവ്വത്തൊടും നിശ്ചയമൊന്നുചെയ്തു. ൧൬

ആറാട്ടിനായിട്ടു കടപ്പുറത്തേ-
ക്കാരാജവീരപ്രഭു പോയിടുമ്പോൾ

ആരാലണഞ്ഞൊരസ്ത്രം വധിക്കുന്നെന്നൊ-
ന്നാശ്രുദ്ധഗവ്വംഖലർ തീൎച്ചയാക്കി. ൬൭

മറെറുംനിനച്ചായത്തു തീൎച്ചയാക്കി
മറവുള്ളവൎക്കും വിവരം ധരിപ്പാൻ
തെറെറന്നു കണ്ടെത്തുകി കൃതാൎത്ഥഭാവ
മേറെറുംനടിച്ചാൎക്ക്ഖലരുന്മദിച്ചു. ൬൮

ഉണ്ടായതൊരായൊഗവിനിശ്ചയത്തെ
പണ്ടാരമാകുന്ന വയസ്സനേകൻ
മിണ്ടാതെ നിന്നങ്ങിനെ കേട്ടുഗ്രദ്ധം
കണ്ടാലുമാദൈവ കൃപാവിലാസം. ൬൯

ആഗസ്സക്രൂട്ടം ഖലവൈരിസംഘം
യോഗംപിരിഞ്ഞങ്ങിനെ പോയശേഷം
വേഗം ധരാഭൃത്തിനൊടീയുദന്ത-
ഭാഗങ്ങളാച്ചാരനുമെത്തിയോതി. ൭൦

വാൎത്താവിശേഷങ്ങളും ധരിച്ചുവഞ്ചി
ഗോത്രാധിനാഥാഗ്രണി ധീരധീരൻ
ഉൾത്രാസമെന്ന്യെ നിജ സൎവ്വസൈന്യ-
മൊത്താണെഴുന്നെള്ളിയതബ്ധിതീരം. ൭൧

ദംഭംപെടും വൈരികൾതൻ നിഗ്രദ്ധാ-
രംഭങ്ങളെന്നും വിഫലത്തിലായി
ജംഭപ്രഹന്താവിനൊടുഗ്രദൈത്യ-
ഡിംഭപ്രയോഗങ്ങൾഫലിപ്പതുണ്ടോ. ൭൨

ദാക്ഷാരണത്താൽ കരുണാബ്ധിയാക-
മക്കാശ്യപീപൂർണ്ണസുധാരുചിക്കും
ധിക്കാരിവൈരി പ്രകരത്തൊടേററ-
മ്ലാംക്കാമ്പിലന്നേറി വിരോധമാവം. വൃന്ദ

നിർമ്മൂലവൈരം പെട്ടമാക്‌ഖലക്കു-
ള്ളുൻമൂലനാശത്തിനുവേണ്ടതെല്ലാം
നിശ്മായമോത്തമ്പൊട്ടു നാഗർകോവിൽ
നന്മേടമേൽ വാണിതൊരിക്കൽ മന്നൻ. വൃത്

തമ്പാം പ്രഭുവിൽ ഖലനായ പപ്പു-
ത്തമ്പിപ്രവീരൻെറ സമാഗമത്തെ
മുന്നേ സമീക്ഷിച്ച സമത്ഥനാ ഭ്രു-
ജംഭാരി പാർശ്വസ്ഥരൊടിത്ഥമോതി. വൃദ

മുട്ടാളനാംതമ്പി മദാന്ധബുദ്ധി
കൊട്ടാരമങ്ങേറിയിതാവരുന്നു
ക്രുട്ടാളിമാരും സഹജാതനുംഭീ
കാട്ടാതെ പിമ്പെ തുണയായി നിൽപ്പൂ. വൃന്ദ

വീറാണ്ടൊരത്തമ്പിയെ നിങ്ങളിങ്ങു
കേറാനയച്ചീടരുതേതുകൊണ്ടും
ചോരാദരത്തോട്ടമശിപ്പതിൻെറ
ക്രൂരാശ്രുകാണിക്കുക നിങ്ങളിപ്പോൾ. വൃ

പൊട്ടെന്നു ധൃഷ്ടം തടയേണ്ടതിന്നു
വെട്ടൊന്നു വന്നീടിലുമില്ലദോഷം

ആട്ടേഗമിച്ചീടുക മഞ്ചഭ്രവിൻ
ചോട്ടിൽപ്പുരം സൈഥ്യമൊടാവസിക്കാം' ൮൮

ഭ്രവാസവൻതൻമൊഴികേട്ടവേഗം
ദൌവാരികന്മാരുമതേവിധത്തിൽ
ആവാമതെന്നായ് വിടവാങ്ങി ചോട്ടി-
ലാവാസവും ചെയ്തിതു സജ്ജരായി. ൮൯

മഞ്ചാഗ്രഭാഗത്തിലണഞ്ഞിടാനായ്
പഞ്ചാസ്യവീൎയ്യത്തൊടുതമ്പിതാനേ
അഞ്ചാതെയെത്തും സമയത്തവൻെറ
വൻചാപലം ഭൃത്യരുടൻ തടഞ്ഞാർ. ൯൦

എന്നെത്തടഞ്ഞീടുകയൊ ഭടന്മാ-
രെന്നേറിടും വാശിയൊടാക്കുബുദ്ധി
ചെന്നേറിടുമ്പോൾ ഭടവീരഖൾഗ-
മൊന്നേററു കണ്ഠത്തിലവൻ പതിച്ചു. ൯൧

ജ്യേഷ്ഠൻെറ ദുഷ്ക്കാലവധം സമീക്ഷി-
ച്ചോഷ്ഠങ്ങൾ രുട്ടോടു കടിച്ചമൎത്തി
ധൃഷ്ടാഗ്രനാം സോദരനായതമ്പി
പെട്ടെന്നകത്തമ്പൊടു ചാടിവീണു. ൯൨

കാളുന്നകോപത്തൊടു കയ്യിലുഗ്ര-
വാളും ധരിച്ചാഭടരെജ്ജവത്തിൽ
പാളിച്ചുദൂരത്തിലകററി ഭ്രഭൃത്-
പാളിക്കധീശനുടെ മുന്നിലെത്തി. ൯൩

താനേത്തുമോക്കാതെ ജവത്തിലഗ്ര-
സ്ഥാനേകടന്നങ്ങിനെ വാളുമോങ്ങി
ആനേക്കനിൽക്കും രിപുവിൽ ധരിത്രീ-
ജാനിക്കുതെല്ലും ഭയമേശിയില്ല. ൩൪

വെട്ടുന്നൊരാദ്ദുമ്മതി തന്റെ വാളു-
തട്ടിത്തുലാത്തിൽ തരസാ തടഞ്ഞു
രുട്ടോട്ട പിന്നീടുമവൻ പ്രകാശം
തട്ടുന്ന വാളോങ്ങിയടുത്തണഞ്ഞു. ൩൫

ധീരൻധരാജാനി ചൊടിച്ചു ശത്രു-
വീരന്റെ വാളൊത്തൊരു നീണ്ടകയ്യും
ശ്ശുരൻമുറിച്ചിട്ടുപഹാരമാക്കി-
ബ്ഭ്രരംഗദേവിക്കഥ തൽശിരസ്സും. ൩൬

അട്ടിക്കിലാദ്ദ്രം ഷ്ടരൊത്തൊത്തുവന്ന
ദർട്ടിഷ്ടയോഗാഹതരായവക്കും
മർട്ടിക്കജീവക്ഷയമേകിയേററ-
മുദ്ധിഗ്നരായിച്ചിലർ തോററുമണ്ടി. ൩൭

അഷ്ടാലയാധീശർ തുടങ്ങിയോരെ
യൊട്ടാകവെവെന്നു പരാക്രമത്താൽ
ശിഷ്ടാവനോദ്യുക്തനിളാമണാള-
നെട്ടാശകൾക്കും നിജകീർത്തി ചാർത്തി. ൩൮

കാലക്രമംകൊണ്ടു തെളിഞ്ഞരാഞ്ചി-
ഭ്രലക്ഷ്മിയാളിജ്ജുളബാധനീക്കി

ശാലൽപ്പമേൽക്കാതെ മഹാമഹീഭൃൽ-
മ്മാലയ്ക്കു മുക്താമണിവാണസൌഖ്യം. ൯൯

ശത്രുക്കൾതൻധിക്കൃതി നീക്കിയാത്മ-
മിത്രങ്ങളിൽ പ്രീതിവളൎത്തിയേവം
ഗോത്രയ്ക്കധീശൻ നിവസിച്ചു നീതി-
ശാസ്ത്രങ്ങളിൽ ദൃഷ്ടി പിഴച്ചിടാതെ. ൧൦൦

ശ്രീതിങ്ങുമെന്നാകിലുമാത്മരാജ്യ-
മേതുംവലിപ്പം കലരാത്തതെന്നായ്
സ്ഫീതപ്രതാപൻ നൃപനോൎത്തു മററു
ഭൂതന്നിലും കൌതുകിയായ്ഭവിച്ചു ൧൦൧

അന്യൎക്കെഴും രാജ്യവുമസ്തശങ്കം
ജന്യത്തിലേറ്റിട്ടു പിടിച്ചടക്കാൻ
ധന്യൻധരാപാലനുറച്ചു വീര-
നെന്നുംശ്രമിക്കുന്നു നിജോന്നതിക്കായ്. ൧൦൨

ദേശിങ്ങ്ഗനാട്ടിൽപ്രഭുതൻെറ ബുദ്ധി-
മോശത്തിനാലപ്പൊഴുതപ്പവീൎയ്യൻ
കായങ്കുളക്ഷ്മാപകുലത്തിൽ നിന്നും
ഞായമ്പെടാതുള്ളൊരു ദത്തെടുത്താൻ. ൧൦൩

ആ വാൎത്തകേട്ടാശു ചൊടിച്ചു വഞ്ചി-
ഭൂവാസവൻ യുദ്ധവിദഗ്ദ്ധനപ്പോൾ
ശ്രീവാച്ചിടും കൊല്ലമരാതിപത്മ-
ജൈവാതൃകൻ ചെന്നു പിടിച്ചടക്കി. ൧൦൪

പിന്നീടടുത്തുള്ളൊരു രാജ്യവും ശ്രീ
ചിന്നീടുമാക്ഷ്മാപതി കയ്യടക്കി
ഇന്നീജ്ജഗത്തിൽക്കരശക്തിമൂലം
വന്നീടുമേവക്കുമദംഗഭാഗ്യം. ൧൦൩

സ്വായത്തമാക്കിപ്പലരാജ്യവും ഭൂ-
ജായയ്ക്കുപെട്ടെന്നഭിവൃദ്ധികൂട്ടി
കായംകുളക്ഷ്മാപനൊടാജി ചെയ്യാൻ
ന്യായസ്ഥനാം ഭൂപതികോപ്പുകൂട്ടി. ൧൦൪

അന്നാളഹൊ കച്ചവടത്തിനായി
വന്നിങ്ങുപാക്കുന്നൊരു ഡച്ചുകാരും
തന്നാഥനാകുന്ന ഗവർണ്ണരും ധീ-
ചിന്നന്നൊരാ മന്നനിൽ വൈരമാന്നു. ൧൦൫

മുട്ടാളരാകുന്നൊരു ഡച്ചുകാർതൻ
പട്ടാളമൊന്നിച്ചു കുളച്ചലെത്തി
ധൃഷ്ടാഗ്ര്യരാം ഭൂപഭടേശരും ധീ-
മുട്ടാതെ യുദ്ധത്തിനു ചെന്നെതിത്തു. ൧൦൬

വഞ്ചിക്ഷമാട്ടർഭടരോടെതിത്തു
നെഞ്ചിൽഭയംപൂണ്ടഥ ഡച്ചുസൈന്യം
കിഞ്ചിൽ സ്വജീവപ്പ്രിയമോടുമണ്ടീ
വഞ്ചിച്ചിടാഭക്തരെയബ്ജനാഭൻ. ൧൦൭

കായംകുളക്ഷ്മാപതിയുദ്ധഭൂവിൽ
ക്കായംതളൎന്നാശ്ശു മടങ്ങിയോടി

ഭൂയിഷ്ഠയാംവഞ്ചിപകീൎത്തിമന്നിൽ
പ്പായുന്നതിൻ മട്ടവനന്നുകാട്ടി. ൧൧൦

സാമൎത്ഥ്യശൌൎയ്യാദികൾ മൂൎത്തിമത്താം
രാമയ്യനാകും ദളവാസുധീരൻ
ഭീമപ്രഭാവത്തൊടു പോരിലെല്ലാം
ഭൂമീന്ദ്രനെന്നും തുണയായിനിന്നു. ൧൧൧

ആ മട്ടമററും പലരാജ്യമക്ഷ്മാ-
സോമൻ രണത്തിൽ സ്വവശത്തിലാക്കി
പൂമങ്കതൻ മുഗ്ദ്ധകൃപാകടാക്ഷ-
സ്തോമം കലൎന്നുള്ളവനെന്തസാദ്ധ്യം. ൧൧൨

കൂട്ടം രസത്തോടു പൌരുഷമാല-
ങ്ങോടും ക്ഷമാജാനി പിടിച്ചടക്കി
ഈടുററഭൂവിസ്തൃതിയിത്തരത്തിൽ
പ്പാടുള്ളവണ്ണം പലമട്ടു കൂട്ടി. ൧൧൩

തന്നാടിനീമട്ടഭിവൃദ്ധിഭൂപൻ
തന്നാൽ നടക്കുംപടിയങ്ങുകൂട്ടി
എന്നാകിലും ധൎമ്മദമത്തഭാവം
ധന്യാഗ്രിമന്നേതുമുദിച്ചതില്ല. ൧൧൪

പാരിച്ചഭൂവിസ്തൃതി കീൎത്തിമാല
പാരിൽപ്രകാമം വിശദീഭവിച്ചു.
പോരിൽ പ്രവീണൻ പ്രഭുശക്തനെന്ന
ഭൂപരിന്നുസാക്ഷാദവകാശിയായി. ൧൧൫

ഇക്കാൎയ്യസംസിദ്ധി നമുക്കു സാക്ഷാൽ
ചിൽക്കാതലാകുന്ന സരോജനാഭൻ
ഉൾക്കാമ്പലിഞ്ഞങ്ങു തുണയ്ക്കുകൊണ്ടാ-
ണിക്കാലമുണ്ടായതു തൎക്കമില്ല. ൧൧൬

എന്നോൎത്തു ധന്യൻ ധരണീന്ദ്രമൌലി
കുന്നിച്ചിടും ഭക്തിയൊടമ്പലത്തിൽ
ചെന്നബ്ജനാഭന്റെ പദാംബുജത്തിൽ
നന്ദ്യാസമൎപ്പിച്ചിതു തന്റെ രാജ്യം ൧൧൭

ഭൂപപ്രവീരൻ കുലദൈവമാകും
ശ്രീപത്മനാഭന്റെ നടയ്ക്കലായി
സൎവ്വസ്വദാനത്തിനു ലക്ഷ്യമായി-
ഗ്ഗൎവ്വം വെടിഞ്ഞിട്ടുടവാളുവെച്ചു. ൧൧൮

ക്ലേശാപഹശ്രീശ ഭവൽകടാക്ഷ
ലേശാൎത്തിയാമെന്നെ മുകുന്ദ വിഷ്ണോ!
ആശാനുകൂലം തുണചെയ്കനീ താൻ
ഭൂശാസനം ചെയ്യുകദീനബന്ധോ! ൧൧൯

എന്തക്രമം ഞാൻ ക്ഷിതിലോഭിമൎത്ത്യ
ക്കന്തം വൃഥാഭൂരിവരുത്തിയല്ലോ
ചിന്തിച്ചിടുമ്പോളവയെൻഹൃദന്തം
ചെന്തീയിൽനീറുംപടിവെന്തിടുന്നു. ൧൨൦

കാരുണ്യസിന്ധോകലഹോദ്യമത്തിൽ
പ്പാരുഷ്യവാൻഞാൻപലതെറ്റുചെയ്തേൻ
ഓരുമ്പൊളിന്നായതിനൊക്കെയെന്തു
പേരുള്ളതോശിക്ഷ നമുക്കുദിപ്പൂ. ൧൨൧

ഭീയേത്തുകൊണ്ടും വളരുന്ന നിത്യം
നീയെനമുക്കാശ്രയമാത്തബന്ധോ
കായേനവാചാ മനസാപിവീണ്ടു-
മീയെഴചെയ്യും പിഴനീ പൊറുക്ക. ൱൧൧

ഈരാജ്യവും നമ്മെയുമത്രമാത്രം
പോററാദവാൻ മൽക്കുലവും കൃപാലോ!
പാരാകവെ വാദ്ധിയിരമ്മുങ്ങുവോളം
വാരാശിശായിൻ! പരിരക്ഷചെയ്ക. ൱൧൨

ഈമട്ടുചൊല്പ്പാകുലമാത്തഭക്തി-
പ്രേമത്തൊടും വാഴ്ത്തിമുദാവണങ്ങി
ആത്മാന്നാദോരുപന്മാഭദാസ-
നാമത്തെയന്നാൾ മുതലേററുവാങ്ങി ൱൧൩

ഇന്നും തദീയാന്വയജാതരെല്ലാ-
മുണ്ണിപ്രമോദാൽ ഹരിദാസഭാവം
അന്യാക്കുചേരാത്തൊരു ചിഹ്നമായി-
ട്ടന്യൂനമോടേററു വരുന്നുവല്ലോ. ൱൧൪

മാത്താണ്ഡവമ്മക്ഷിതിജാനിനീതി
ശാസ്ത്രാബ്ധിതന്നക്കരെകണ്ടധീരൻ
ഗോത്രാവനം ചെയ്തുമുരാരിഭക്തി-
സൂത്രാവലംബത്തൊടു സൂക്ഷ്മബുദ്ധി. ൱൧൫

വമ്പൻ ക്ഷമാജാനി മഹാനുഭാവ-
നമ്പത്തിമൂന്നായ വയസ്സിൽ വിജ്ഞൻ
സമ്പൽക്കുടുംബാദിയെ വിട്ടുഭക്തി
സമ്പന്നനാപിച്ചിതു നാകലോകം. ൱൧൬

# വ്യാഖ്യാനം.

## ൧-ാം ശ്ലോകം.

ഒന്നാം ശ്ലോകംകൊണ്ടു് ഈ കഥാനായകനായ മാൎത്താണ്ഡവൎമ്മ മഹാരാജാവിനേയും മാൎത്താണ്ഡശബ്ദം കൊണ്ടു് സൂൎയ്യനേയും ഗുണസാമ്യത്താൽ കവി ശ്ലേഷിച്ചിരിക്കുന്നു. ആശിസ്സ്, നമസ്ക്രിയ, വസ്തുനിർദ്ദേശം ഈ മൂന്നു വിധത്തിലാണ് ഒരു കഥയുടെ മംഗളാചരണം ചെയ്യുന്നതു്. ഇതിൽ ആശിസ്സാകുന്നു.

### പദാൎത്ഥം.

പാൎത്തട്ട്=ഭൂമി. കരശക്തി=രാജപക്ഷത്തിൽ ബാഹുബലമെന്നും, സൂൎയ്യപക്ഷത്തിൽ രശ്മിബാഹുല്യമെന്നും. അക്ഷതാഭൻ=രാജപക്ഷത്തിൽ നാശത്തോടുകൂടാത്തശോഭയോടുകൂടിയവനെന്നും, സൂൎയ്യപക്ഷത്തിൽ നാശത്തോടുകൂടാത്ത കാന്തിമാനെന്നും. ജഡബാധനീക്കി=ജഡന്മാരുടെ ബാധ. ജഡന്മാർ=മൂഢന്മാർ. ബാധ=ഉപദ്രവം. നീക്കുക=മാററുക. സൂൎയ്യപക്ഷത്തിൽ ജഡം=തണുപ്പു്. ബാധ=ഉപദ്രവം. മൂൎത്തപ്രതാപത്തൊടും=മൂൎത്തമായിരിക്കുന്നപ്രതാപത്തോടുകൂടെ. മൂൎത്തം=മൂൎത്തിയായിട്ടുള്ളതു്. മൂൎത്തി=സ്വരൂപം. പ്രതാപം=രാജപക്ഷത്തിൽ പ്രാഭവമെന്നും, സൂൎയ്യപക്ഷത്തിൽ ചൂടു് എന്നും. മാനം=സൂൎയ്യപക്ഷത്തിൽ ആകാശം, രാജപക്ഷത്തിൽ ഉയൎന്നസ്ഥാനം. മാൎത്താണ്ഡദേവൻ=മാൎത്താണ്ഡവൎമ്മ മഹാരാജാവെന്നും, സൂൎയ്യനെന്നും. വിജയിക്കുക=സൎവ്വോൽകൎഷേണ വൎത്തിക്കുക. സൎവ്വോൽകൎഷം=എല്ലാററിലുംവച്ചു ഉൽകൎഷം. വൎത്തിക്കുക=സ്ഥിതിചെയ്യുക.

൨-ാം ശ്ലോകം.

കുഠാരായുധനാംമുനിന്ദ്രവീരൻ=കുഠാരമാകുന്ന ആയുധത്തോടുകൂടിയ മുനീന്ദ്രവീരൻ. കുഠാരം=കോടാലി. മുനീന്ദ്രവീരൻ=മുനിശ്രേഷ്ഠൻ. പരശുരാമൻ എന്നുസാരം. വിനിൎമ്മിക്കുക=വിശേഷേണനിൎമ്മിക്കുക. കേരളം=മലയാളം. ചാരുപ്രകൎഷം=മനോഹരമായ ഉയൎച്ച. മൂലം=അടിസ്ഥാനം (ഹേതുവെന്നും,) ശ്രീ=ഐശ്വൎയ്യമെന്നും. ശോഭ എന്നും. വേണാട്=തിരുവിതാംകൂർരാജ്യം.

൩-ാം ശ്ലോകം.

തുംഗങ്ങൾ=ഉയൎന്നവ. സരിൽഗണങ്ങൾ=നദീസമൂഹങ്ങൾ. ആറുകൾ എന്നുസാരം. ക്ഷോണി=ഭൂമി. ഉച്ചനീചം=ഉയൎന്നതും താഴ്ന്നതുമായനില. സംഗം=ചേൎച്ച.

൪-ാം ശ്ലോകം.

താൎമങ്ക=മഹാലക്ഷ്മി. തനയ=മകൾ. കേളിക്ക്=കളിക്കുവാൻ. ഈ മഞ്ജുളക്ഷോണി=ഈ നല്ലഭൂമി. മനോജ്ഞാ=മനോഹരാ. പ്രേമം=വാത്സല്യം. അംഭോധി=സമുദ്രം. ചുഴലുക=ചുററുക.

൫-ാം ശ്ലോകം.

ഭൂകല്പസാലം=ഭൂമിയിലെകല്പകവൃക്ഷം. ധരിത്രി=ഭൂമി. ആകല്പം=ആഭരണം. നിസ്തുല്യം=തുല്യമില്ലാത്തത്. കേരജാലം=തെങ്ങിൻകൂട്ടം. പൂഗം=അടക്കാമരം. മനോജ്ഞരംഭാ=നല്ലവാഴകൾ. മാകന്ദവൃക്ഷങ്ങൾ=മാവുകൾ. വൃന്ദം=കൂട്ടം. ഉല്ലസിക്കുക=ശോഭിക്കുക.

൬-ാം ശ്ലോകം.

ഭൂഭാമിനി=ഭൂമിയാകുന്ന ഭാമിനി. (ഭാമിനി=വിശേഷസ്ത്രീ) വ്രീഹിലതകൾ=വ്രീഹികളുടെ ലതകൾ. വ്രീഹി

കൾ=നെല്ല്, യവം മുതലായ ധാന്യങ്ങൾ. ലതകൾ=വള്ളികൾ. വിതാനം=അലംകാരം.

൭-ാം ശ്ലോകം.

ക്ഷേമം=ദുർഭിക്ഷാദികളില്ലാതെ. ആഭ്രവ്=തിരുവിതാംകൂർ. അനന്തഗേഹം=തിരുവനന്തപുരം. നാമം=പേരു്. ആമഞ്ജുശോഭം=ഏററവും മനോഹരമായ ശോഭയോടുകൂടിയതു്. നാകധാമം=സ്വർഗ്ഗം. പ്രതിലേഖ=ചിത്രം.

൮-ാം ശ്ലോകം.

ആപത്തുദിക്കാതെ=ആപത്തുണ്ടാകാതെ. ഭുവം=ഭൂമിയെ. ഭരിക്കുക=രക്ഷിക്കുക. ഭൂപാലർ=രാജാക്കന്മാർ. ശ്രീപത്മനാഭൻ=പത്മനാഭസ്വാമി. സ്വയം=തന്നെത്താൻ. സ്വാപം=ഉറക്കം. തത്ര=അവിടെ (തിരുവനന്തപുരത്തു്) ശയിക്കുക=കിടക്കുക.

൯-ാം ശ്ലോകം

തുംഗങ്ങൾ=ഉയൎന്നവ. തൽപ്പുരഗോപുരം=തൽപ്പുരത്തിന്റെ ഗോപുരം. തൽപ്പുരം=ആപുരം. ശൃംഗങ്ങൾ=കൊടുമുടികൾ. (ഉയൎന്നഭാഗങ്ങൾ) നാകം=സ്വർഗ്ഗം മേഘമാർഗ്ഗഭംഗം=മേഘമാർഗ്ഗത്തിന്റെ ഭംഗം. മേഘമാർഗ്ഗം=മേഘങ്ങളുടെ സഞ്ചാരവഴി. ഭംഗം=തടസ്സം.

൧൦-ാം ശ്ലോകം.

ഭൂവാസവാഗാരം=ഭൂവാസവന്റെ ആഗാരം. ഭൂവാസവൻ=ഭൂമീന്ദ്രൻ. ആഗാരം=ഭവനം. അണയ്ക്ക=പ്രാപിക്കുക. വിഷ്ണുസേവാൎത്ഥി=വിഷ്ണുസേവയെ അൎത്ഥിക്കുന്നതു്. സ്വൎഗ്ഗസരിത്തു്=ദേവഗംഗാ ഭാവാനുകൂലം=ഭാവത്തിനനുകൂലമായിട്ടുള്ളതു്. കലത്തോടുകൂടിയതെന്നും.

ദിവ്യശ്രീവാരി=പുണ്യതീൎത്ഥം. പത്മതീൎത്ഥം=പത്മതീൎത്ഥക്കുളം.

൧൧-ാം ശ്ലോകം.

ശ്രീകൊണ്ടൽവൎണ്ണൻ=ശ്രീപത്മനാഭസ്വാമി. ശ്രീകണ്ഠശൈലം=ശ്രീകണ്ഠന്റെ ശൈലം. (കൈലാസപൎവ്വതം) അസ്തോകം ശോഭയോടുകൂടെ. നൃപാലസൌധം=രാജമന്ദിരം.

൧൨-ാം ശ്ലോകം

നിസ്തുല്യം=തുല്യമില്ലാത്തതു്. സൎവ്വവസ്തുക്കൾ=എല്ലാസാധനങ്ങൾ. ശാല=വീടു്. തത്തുല്യനാമം=ശാലയോടുതുല്യമായ നാമം. (ചാല എന്നൎത്ഥം.) ആപണം=കമ്പോളം. ശ്രീ=സമ്പത്തു്. മെത്തും=വൎദ്ധിക്കും.

൧൩-ാംശ്ലോകം.

പത്മയാമപ്പള്ളിക്കരം നാക്ഷ്മി=മഹാലക്ഷ്മിയാകുന്ന സ്ത്രീ. അലക്ഷ്യം=ലക്ഷ്യംകൂടാതെ.

൧൪-ാം ശ്ലോകം.

ദക്ഷത്വം=സാമൎത്ഥ്യം. അക്ഷയ്യം=ക്ഷയരഹിതം. മുത്തു=സന്തോഷം. ഏകസംഘം=എട്ടരയോഗക്കാരുടെ ഒരു യോഗം. ഭൂക്ഷിൽപ്പുരം=രാജധാനി.

൧൫-ാം ശ്ലോകം.

ധൃഷ്ടാഗ്ര്യർ=ശ്രേഷ്ഠന്മാർ. ഇഷ്ടാനുകൂലം=ഇഷ്ടത്തിനനുസരിച്ച. സ്വവശം=സ്വാധീനം. പുഷ്ടാദരം=ബഹുമാനത്തോടുകൂടി. കാൎയ്യഭരം=ക്ഷേത്രകാൎയ്യങ്ങൾ. അഷ്ടാലയാധീശന്മാർ=എട്ടുവീട്ടിൽപിള്ളമാർ.

൧൬-ാം ശ്ലോകം.

ഉദ്ദിഷ്ടം=ഉദ്ദേശം. നിൎദ്ദിഷ്ടന്മാർ=കല്പിക്കപ്പെട്ടവർ.

മർദ്ദിക്കുക=ഉപദ്രവിക്കുക. മൎത്ത്യാവലി=മനുഷ്യക്കൂട്ടം. സ്വതന്ത്രർ=സ്വാതന്ത്ര്യത്തോടുകൂടിയവർ. അദ്ദിക്കു=തിരുവനന്തപുരം.

൮-ാം ശ്ലോകം.

ഭൂപപ്രഭാവം=രാജാവിന്റെ പ്രഭാവം. പ്രഭാവം=ശക്തി. കാപട്യം=കപടസ്വഭാവം. ധൂൎത്തസംഘം=മൂൎഖന്മാരുടെ സംഘം. (എട്ടുവീടന്മാർ) ധൎമ്മലോപം=ധൎമ്മക്ഷയം. അക്ഷോണ്യപി=ആ ഭൂമി (തിരുവിതാംകൂർ.)

൯-ാം ശ്ലോകം.

മുട്ടിക്കുക=മുടക്കുക. പുണ്യക്രിയ=നൈവേദ്യം മുതലായ പുണ്യകൎമ്മങ്ങൾ. തട്ടിക്കുക=ബലാല്ക്കാരമായികയ്യടക്കുക. സാധുദ്രവിണം=സജ്ജനങ്ങളുടെ സമ്പത്ത്. പാന്ഥർ=വഴിപോക്കർ.

൧൦-ാം ശ്ലോകം.

ശിഷ്ടാഗ്രിമൻ=ഏററവും ശ്രേഷ്ഠൻ. ഭൂപതി=രാജാവ്. ഉപഹാരം=കാഴ്ചദ്രവ്യം. ദുഷ്ടാശയന്മാർ=ദുഷ്ടമനസ്സോടുകൂടിയവർ. സ്രഷ്ടാവ്=ബ്രഹ്മാവ്. വിരചിക്കുക.=ഉണ്ടാക്കുക.

൧൧-ാം ശ്ലോകം.

ആദിത്യവൎമ്മാഭിധൻ=ആദിത്യവൎമ്മാവ് എന്ന പേരോടുകൂടിയവൻ. ഭൂപൻ=രാജാവ്. ആ ദംഭവാന്മാർ=ദംഭോടുകൂടിയ എട്ടുവീടന്മാർ. ദംഭ്=ഗൎവ്വം. ഹനിക്കുക=കൊല്ലുക.

൧൨-ാം ശ്ലോകം.

ഉമയമ്മമഹാരാജ്ഞിയുടെ മക്കളായ അഞ്ചു കൊച്ചുതമ്പുരാക്കന്മാരെ കളിപ്പാൻകുളത്തിൽകൊണ്ടുപോയി എ

ട്ടുവീടന്മാരിൽ ഒരുവനായ രാമനാമത്തിൽപിള്ള മുക്കി ക്കൊന്നതിനെ ഈ ശ്ലോകംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

൨൩-ാം ശ്ലോകം

ഇത്യാദി=ഇതിനുമുമ്പു് പറഞ്ഞപ്രകാരം. മർത്ത്യ കുലം=മനുഷ്യവർഗ്ഗം. അത്യാഹിതം=ആപത്തു്. വിവി ധാപചാരകൃത്യത്തോടു=വിവിധങ്ങളായ അപചാരകൃത്യ ങ്ങളോടു്. വിവിധങ്ങൾ=പലവിധങ്ങൾ. അപചാര കൃത്യങ്ങൾ=നീചപ്രവൃത്തികൾ. തിമർത്തുവാഴുക=പുളച്ചു നടക്കുക.

൨൪-ാം ശ്ലോകം.

അക്കൂട്ടർ=എട്ടുവീടന്മർ. ദുഷ്ടതമസ്സുകൾ=ദുഷ്ടന്മാരായ തമസ്സുകൾ. ദുഷ്ടന്മാർ=ദുർവൃത്തശീലന്മാർ. തമസ്സു കൾ=ഇരുട്ടുകൾ. (തമോഗുണത്തോടുകൂടിയവർ) ദുഷ്ട് കാലം=ശീതകാലം. നിശാത്യയം=രാത്രിയുടെ അവ സാനം. അന്തം=നാശം. ഉദിക്കുക=ജനിക്കുക· മാർത്താ ണ്ഡവർമ്മാധീധഭൂപഭാസ്വാൻ=മാർത്താണ്ഡവർമ്മാവാകുന്ന ഭൂപഭാസ്വാൻ. ഭാസ്വാൻ=സൂര്യൻ.

൨൫-ാം ശ്ലോകം.

ശാസ്ത്രപ്രകാരം=ശാസ്ത്രത്തെ അനുസരിച്ചു. പ്രഥ= കീർത്തി. തൽക്ഷാത്രപ്രകാശപ്രകൃതിപ്രഭാവം=ക്ഷാത്രപ്ര കാശം ഹേതുവായിട്ടു ഉണ്ടായ പ്രകൃതിപ്രഭാവത്തോടുകൂ ടിയതു്. ക്ഷാത്രപ്രകാശം=ക്ഷത്രിയ പ്രകാശം. പ്രകൃതി പ്രഭാവം=പ്രകൃതിയുടെപ്രഭാവം. പ്രകൃതി=സ്വതസ്സിദ്ധ മായിട്ടുള്ളതു്. ഗാത്രം=ശരീരം. ജൈത്രസ്വഭാവൻ=ജയ ശീലൻ.

൨൩-ാം ശ്ലോകം.

ക്ഷോണിക്ക്=ഭൂമിക്ക്. അലങ്കാരം=ആഭരണം. ചിന്താമാണിക്യം=ചിന്താരത്നം. അൎത്ഥി=യാചകൻ. വദാന്യരൂപം=വദാന്യമാകുന്ന രൂപത്തോടുകൂടിയവൻ. വദാന്യം=ദാനശീലം. വാണിക്ക്=വാക്കിന്ന്. കേളീകളധൌതസൌധം=കേളിക്ക് കളമായും ധൌതമായും ഇരിക്കുന്ന സൌധം. കേളി=കളി. കളം=മനോഹരം. ധൌതം=ശുദ്ധം. സൌധം=ഭവനം. സരസ്വതീനിലയനമെന്ന് സാരം. കലാവാൻ=കലയോടുകൂടിയവൻ. വസുധാസുധാംശു=വസുധയിലെ സുധാംശു. വസുധാ=ഭൂമി. സുധാംശു=ചന്ദ്രൻ.

൨൪-ാം ശ്ലോകം.

ഇക്ഷ്മാപാലൻ=ഈ രാജാവ്. ധര=ഭൂമി. ദൈന്യം=ദീനാവസ്ഥ. മാതുലൻ=അമ്മാവൻ. ധരാഭരം=രാജ്യഭാരം.

൨൫-ാം ശ്ലോകം.

ബുദ്ധിവിലാസവാസ്തു=ബുദ്ധിവിലാസത്തിന്റെ വാസ്തു. ബുദ്ധിവിലാസം=ബുദ്ധിയുടെ വിലാസം. സത്സാരവേദിത്വം=നല്ലതിനെ അറിയുവാനുള്ള ശക്തി. ധീരൻ=വിദ്വാൻ. കുത്സാഹന്മാർ=നിന്ദാഹന്മാർ. അഷ്ടഗൃഹേശർ=എട്ടുവീടന്മാർ. ഉത്സാരണം ചെയ്യുക=മാററിക്കളയുക.

൨൬-ാം ശ്ലോകം.

പങ്കം=ചളി. വിശാലവാപി = വിശാലമായിട്ടുള്ള കുളം. തെളിച്ചം=പ്രകാശം. മാൎഗ്ഗം=വഴി. വങ്കത്തം=നീചത്വം. ഖലർ=ദുഷ്ടർ. ഭൂമങ്ക=ഭൂലക്ഷ്മി. മംഗല്യം=മംഗളം.

൩൦-ാം ശ്ലോകം.

മുഷ്കു്=ക്രൂരത. മൂർഖന്മാർ=ദുഷ്ടന്മാർ. നിഷ്കാസനം ചെയ്യുക=ആട്ടിക്കളയുക. ദുഷ്കാര്യഹന്താവു്=ദുഷ്കാരികളുടെ ഹന്താവു്. ദുഷ്കാരികൾ=ദുഷ്ടന്മാർ. ഹന്താവു=നശിപ്പിക്കുന്നവൻ. ശുഷ്കാഭം=ശുഷ്കമായ അഭയോടുകൂടിയതു്. ശുഷ്കം=ഉണങ്ങിവരണ്ടതു്. ആഭാ=ശോഭ. വൈരിവൃന്ദം=ശത്രുക്കൂട്ടം.

൩൧-ാം ശ്ലോകം.

ഭൂരിപ്രതാപൻ=വളരെ പ്രതാപത്തോടുകൂടിയവൻ. യുവരാജാവു=ഇളയരാജാവു്. പോരിൽ=യുദ്ധത്തിൽ. പരന്മാർ=ശത്രുക്കൾ. ഏകൻ=ഒററയ്ക്കു്. നേരിട്ടെതിൎക്കുന്നതിന്നു്=നേരിട്ടുനിൽക്കുന്നതിന്നു്. അസ്ത്രദാക്ഷ്യം=അസ്ത്രപ്രയോഗത്തിലുള്ള ദാക്ഷ്യം. ദാക്ഷ്യം=സാമൎത്ഥ്യം. വൈരിപ്രഹന്താവു്=വൈരികളുടെ പ്രഹന്താവു്. വൈരികൾ=ശത്രുക്കൾ. പ്രഹന്താവു്=പ്രഹരേണ ഹനിക്കുന്നവൻ. വഹിക്കുക=കൈക്കൊള്ളുക.

൩൨-ാം ശ്ലോകം.

വീരോത്തമൻ=വീരശ്രേഷ്ഠൻ. ശാത്രവസംഘം=ശത്രുക്കളുടെ കൂട്ടം. വൈരോദയം=വിരോധോദയം.

൩൩-ാം ശ്ലോകം.

നാനാവിധം=പലവിധം. കടിമൂത്ത ദുഷ്ടസചിവാന്ധ്യർ=കള്ളകടിയന്മാരായ ദുഷ്ടപ്രമാണികൾ. ഗൃഹാന്ധകാരം=ഗൃഹത്തിന്റെ ഉള്ളിലുള്ള അന്ധകാരം. വാനാളും=ആകാശത്തിൽ പ്രകാശിക്കുന്ന. അൎക്കൻ=സൂൎയ്യൻ അജയ്യം=ജയിക്കുവാൻ സാധിക്കാത്തതു്.

൩൪-ാം ശ്ലോകം.

സേനാനി=സുബ്രഹ്മണ്യൻ. ന്രുപാലബാലൻ=യുവരാജാവ്. സേനാജനം=ഭടജനം. സ്വാവശം=സ്വാധീനം. നാനാദിഗന്തങ്ങൾ=നാനാദിക്കുകൾ. നിഗ്രഢം=സ്വകാര്യമായിട്ട്. മാനാകരൻ=ബഹുമാന്യൻ.

൩൫-ാം ശ്ലോകം.

ഭാഷാസ്വഭാവേഷാദി=ഭാഷയും തന്റെ വേഷവും മററും. ഭൂമീഭൂഷായമാണൻ=ഭൂമിക്ക് ആഭരണമായിട്ടുള്ളവൻ. ജോഷം=ഗൂഢം. പ്രയാണം=യാത്ര. ദ്വേഷം=ശത്രുത്വം.

൩൬-ാം ശ്ലോകം.

ഏവം ചരിക്കും സമയത്തിൽ=ഇപ്രകാരം സഞ്ചരിക്കുമ്പോൾ. വഞ്ചിഗോത്രാഭ്യുദയാർത്ഥി=വഞ്ചിഗോത്രാഭ്യുദയത്തിനെ അർത്ഥിക്കുന്നവൻ. വഞ്ചിഗോത്രാ=വഞ്ചിഭൂമി. അഭ്യുദയം=ഉൽക്കർഷം. അർത്ഥിക്കുക=ആഗ്രഹിക്കുക. ബാലൻ=യുവരാജാവ്. ശ്രീവത്ത്=സമ്പത്തുള്ള. ഭാവം മറക്കുക=ഭാഷാവേഷാദികൾ മറക്കുക. ദിനാത്യയം=ദിവസാവസാനം.

൩൭-ാം ശ്ലോകം.

തന്നാമധേയം=തന്റെ പേർ. ഭൂഭൃദ്ധന്യാഗ്രിമാൻ=ശ്രേഷ്ഠനായ യുവരാജാവ്. നിരീക്ഷിക്കുക=കാണുക. അശക്യം=ശക്തിയില്ലായ്ക. ആശു=വേഗം. മാർത്താണ്ഡൻ=സൂര്യൻ.

൩൮-ാം ശ്ലോകം.

കാശാവദാതാമലകീർത്തി=കാശംപോലെ അവദാതമായും അമലമായും ഇരിക്കുന്ന കീർത്തിയോടുകൂടിയവൻ.

കാശം=ഞാറവെട്ടപ്പു. അവദാതം=വെളുപ്പ്. അമലം=നിൎമ്മലം. കീൎത്തി=യശസ്സ്. ബലഭൃച്ഛാസിതാവ്=ദേവ രാജാവ്. സമിതിഭേദം=അവയവഭേദം. ക്ലേശാവഹം=ദുഃഖജനകം. ശാഖി=വൃക്ഷം. വിഹംഗങ്ങൾ=പക്ഷികൾ. കൂകുക=ശബ്ദിക്കുക.

൪൦-ാം ശ്ലോകം.

കാപട്യം=കപടത. മേലിൽവായ്ക്കും=മേലിലുണ്ടാകുന്ന. ഭൂപപ്രതാപപ്രഭ=ഭൂപന്റെ പ്രതാപപ്രഭ. ഭൂപൻ=രാജാവ്. പ്രതാപപ്രഭാ=പ്രതാപത്തിന്റെ ശോഭാ. ഏവം=ഇപ്രകാരം. ലോപം ഭവിക്കാതെ=ഹാനി കൂടാതെ. ലസിക്കുക=ശോഭിക്കുക. അന്തിദീപങ്ങൾ=സന്ധ്യാസമയത്തുള്ള വിളക്കുകൾ. ജനത=ജനക്കൂട്ടം.

# വിജ്ഞാപനം.

| | | |
|---|---|---|
| | ച. | കാ. |
| ഭൂമിശാസ്ത്രം ൧-ാം പുസ്തകം ൨-ാംക്ലാസിലേക്ക് (സി. ആർ. കൃഷ്ണപിള്ള ബി. ഏ., എൽ. ററി) | ൪ | ൦ |
| ടി ൨-ാംപുസ്തകം ൩-ാംക്ലാസിലേക്ക് ടി | ൪ | ൬ |
| ടി ൩-ാംപുസ്തകം ൪-ാംക്ലാസിലേക്ക് ടി | ൫ | ൦ |
| രാജ്യഭരണം ൧-ാം പുസ്തകം (കെ. ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ.) | ൩ | ൦ |
| ടി ൨-ാം പുസ്തകം ടി | ൪ | ൦ |
| ടി ൩-ാം പുസ്തകം ടി | ൬ | ൦ |
| ധ്രുവചരിതം തുള്ളൽ | ൭ | ൨ |
| നേതാജിപാൽക്കർ | ൧൪ | ൪ |
| കളഞ്ഞുകിട്ടിയതങ്കം | ൧൪ | ൪ |
| പാത്രചരിതം തുള്ളൽ (മഹാദേവശർമ്മാ) | ൭ | ൨ |
| മാർത്താണ്ഡദേവോദയം | ൭ | ൨ |
| ഭാരതം. കർണ്ണപർവ്വം | ൫ | ൦ |
| മാനസവിലാസം | ൧൪ | ൪ |
| വിമല. | ൧൭ | ൰൩ |
| വിദ്യാസംഗ്രഹം | ൧൪ | ൪ |
| നളിനി | ൧൦ | ൧൧ |
| ശ്രീബുദ്ധചരിതം ൩-ം ൪-ം കാണ്ഡം | ൧൪ | ൪ |

മാനേജർ, എസ്സ്. ആർ. ബുക്കഡിപ്പോ,
പുത്തൻചന്ത—തിരുവനന്തപുരം.